# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2379 09.03.2018 -ലെ മറുപടി

**ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതി**

**ചോദ്യം** **മറുപടി**

ശ്രീ.എം.ഉമ്മർ

മാത്യൂ ടി. തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിശദാംശം നൽകുമോ; | എ) | ഭൂഗർഭജലം സംരക്ഷിക്കുന്നതിന് ഭൂജലവകുപ്പ് "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതി" സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 119 ഓളം തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ പ്രവർത്തികൾക്കായി വിവിധ ജില്ലകൾക്കും 4 കുഴൽകിണർ റീചാർജ്ജ് പ്രവർത്തികൾ നടപ്പിലാക്കുന്നതിന് ഇടുക്കി ജില്ലയ്ക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മുപ്പത്തഞ്ചോളം തുറന്നകിണർ വഴിയുള്ള ഭൂജലസംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചു വരുന്നു. |
| ബി) | ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കാമോ; | ബി) | സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ ഭൂജലശേഷി പരിഗണിക്കാതെ ഭൂജലം ചൂഷണം ചെയ്യുന്ന പ്രവണത തുടരുന്നതിനാലും, ക്രമരഹിതമായി നടത്തുന്ന ഭൂജല ചൂഷണം അങ്ങനെയുള്ള പ്രദേശങ്ങളിൽ അനഭിലക്ഷണീയമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് ബോദ്ധ്യമായിരിക്കുന്നതിനാലും, ഭൂജലം സംസ്ഥാനത്തിന്റെ ഒരു നിർണ്ണായക വിഭവമായിരിക്കുന്നതിനാലും പൊതുതാത്പര്യം മുൻ നിർത്തിയാണ് 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് സംസ്ഥാനത്ത് സർക്കാർ നടപ്പിലാക്കി വരുന്നത്. ഈ ആക്ടിൻ പ്രകാരം അമിത ഭൂജല ചൂഷണം നടക്കുന്ന പ്രദേശങ്ങൾ വിജ്ഞാപനം ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) ഭൂജല ഉപയോഗത്തിന് നിയന്ത്രണങ്ങൾ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയിട്ടുണ്ട്. വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽകിണർ നിർമ്മാണത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ബാധകമാക്കിയിട്ടുണ്ട്. ഇതു കൂടാതെ വ്യാവസായിക ആവശ്യത്തിനും കുടിവെള്ള കമ്പനികൾക്കും ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി ബാധകമാക്കിയിട്ടുണ്ട്. ഇതിനു പുറമെ അമിത ഭൂജല ഉപയോഗം സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ശാസ്ത്രീയ പഠനങ്ങൾ നടത്തി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ അമിതമായ ഭൂജല ഉപഭോഗം നിയന്ത്രിക്കുന്നതിന്, സ്വകാര്യ കുഴൽക്കിണർ നിർമ്മിക്കുന്ന ഏജൻസി/സ്ഥാപനം, റിഗ്ഗുകൾ എന്നിവയ്ക്ക് ഭൂജല അതോറിറ്റിയുടെ കീഴിൽ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. |
| സി) | വ്യവസായ മേഖലയ്ക്ക് യഥേഷ്ടം ഭൂജലം ഉപയോഗിക്കുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | ഡി) | സംസ്ഥാനത്തെ ചെറുകിട വ്യാവസായിക സംരംഭകരെ ഉദ്ദേശിച്ചുകൊണ്ട് പുറപ്പെടുവിച്ചിരിക്കുന്ന കേരള ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസിലെ വിഷയങ്ങളിൽ ഒന്നായ ഭൂജലം ഉപയോഗവുമായി ബന്ധപ്പെട്ട് കേരള ഭൂജലം (നിയന്ത്രണവും, ക്രമീകരണവും) ആക്ട് 2002-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**